Deshabhimani 23.11.17

# കൊതുകിനെ അകറ്റാൻ അലങ്കാരച്ചെടികൾ

കൊതുക് നമുക്ക് വലിയ ഭീഷണിയായി മാറിയിരിക്കുകയാണല്ലോ. ചിലയിനം ചെടികളും അവയുടെ ഗന്ധങ്ങളും കൊതുകിനെ അകറ്റി നിർത്തുന്നതായി കണ്ടിട്ടുണ്ട്. ഇത്തരം ചെടികൾ വീട്ടുപരിസരത്ത് ചെടിച്ചട്ടിയിലും പൂന്തോട്ടത്തിലും വച്ചുപിടിപ്പിച്ചാൽ ഒരുപരിധിവരെ ഇവയെ വികർഷിച്ച് അകറ്റാനാകും. അവ ഏതെന്നു മനസ്സിലാക്കണം.

**1. അരിപ്പൂച്ചെടി (കൊങ്ങിണി)**

മുമ്പ് കാടുകളിൽ ഇടമുണ്ടായിരുന്ന ഈ ചെടി വിവിധ വർണങ്ങളിൽ പകിട്ടാർന്ന ഉദ്യാനച്ചെടിയായി മാറിയിട്ടുണ്ട്. വേലിയായും വളർത്താം. ഈ ചെടിയിൽ അടങ്ങിയ ഹ്യൂമിലിൻ, യൂക്കാലിപ്റ്റോൾ, ഫില്ലിൻ തുടങ്ങിയ രാസപദാർഥങ്ങൾ കീടങ്ങളെ അകറ്റിനിർത്താൻ സഹായിക്കും. ഇടിച്ചുപിഴിഞ്ഞ ചാറ് പച്ചക്കറികളിൽ കീടങ്ങൾക്കെതിരെ തളിച്ച് നിയന്ത്രിക്കാം. ഇവ നട്ടുപിടിപ്പിച്ചാൽ ഇതിന്റെ ഗന്ധവും, അതിലെ രാസവസ്തുവും കൊതുകുകളെ അകറ്റാൻ പര്യാപ്തമാണെന്നു കണ്ടിട്ടുണ്ട്.



**ഇഞ്ചിപ്പുല്ല്**

പുൽതൈലം വാറ്റിയെടുക്കുന്ന ഇഞ്ചിപ്പുല്ല് കൊതുകുകളെ അകറ്റുന്നതായി കണ്ടിട്ടുണ്ട്. ഇതിലടങ്ങിയ രാസവസ്തു കൊതുക് ഉൾപ്പെടെയുള്ള കീടങ്ങളെ അകറ്റും. പുൽതൈലം ചേർത്ത ലോഷൻ തറയും മറ്റും അണുവിമുക്തമാക്കാൻ ഉപയോഗിക്കുന്നുണ്ട്. വീട്ടുപറമ്പിൽ അതിർത്തിയിലും, വരമ്പിലും, ചട്ടികളിലുമെല്ലാം ഇവ നട്ടുപിടിപ്പിക്കാം. തലപ്പുകൾ മുറിച്ച് വേരും അതിനോടു ചേർന്ന 20 സെ. മീ. തണ്ടും ചേർന്ന ഭാഗം നടാനായി ഉപയോഗിക്കാം.





**ജമന്തി**

ജമന്തിച്ചെടി വീട്ടിലും തോട്ടത്തിലും അലങ്കാരച്ചെടിയായി നാം വളർത്തുന്നുണ്ട്. പൂക്കൾ കൊതുകിനെ അകറ്റാൻ സഹായകമാണ്. കടുത്ത മഴയും കഠിനവേനലും ഇതിന് പറ്റില്ല. മറ്റ് കാലാവസ്ഥയിൽ ധാരാളം നട്ടുപിടിപ്പിക്കാം. വിത്തു പാകിയ തൈകൾ 45 ദിവസംകൊണ്ട് പൂവിടും. വീട്ടിനൊരു അലങ്കാരമായും കൊതുകുനിയന്ത്രണ മാർഗമായും പ്രയോജനപ്പെടുത്താം. *-എം പി*